# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആരോഗ്യ വകുപ്പ് - 2014-ലെ പൊതു സ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ് നം.16/2014/ആ.കു.വ. തിരുവനന്തപുരംതീയതി 02.01.2014

2. മേലെഴുത്ത് നമ്പർ ഇ.എച്ച്1-77172/13/ആ.വ.ഡ. തീയതി 06.01.14.

## ഉത്തരവ് നം.ഇ.എച്ച്1-77172/2013/ആ.വ.ഡ.തീയതി. 19.02.2014

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ വരുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം 2014 മുതൽ ഓൺലൈൻ മുഖേന ആക്കി ഉത്തരവായിട്ടുണ്ട്. പൊതു സ്ഥലംമാറ്റം ഓൺലൈൻ മുഖേന സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ നിർദ്ദേശിച്ച് ഉത്തരവാകുന്നു.

1. ആരോഗ്യ വകുപ്പിൻ കീഴിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം നടത്തുന്ന സ്ഥലംമാറ്റങ്ങൾ ഓൺലൈൻ മുഖേന (www.dhsonlinetransfer.in) 2014മുതൽ നടപ്പിലാക്കുന്നു. ഇതിലേയ്ക്കായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അനുബന്ധ സ്ഥാപനമേധാവികളും യൂസർകോഡും, പാസ്‌വേഡും ലഭിക്കുന്നതിനായി അതാത് ഓഫീസിലെ ഇ-മെയിൽ മുഖേന 22.02.2014 മുതൽ servesparkdhs@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് അപേക്ഷകൾ അയക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് യൂസർകോഡും പാസ്‌വേഡും അയച്ചുതരുന്നതാണ്.

2. ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് 01.03.2014 മുതൽ 20.03.2014 വരെ അവരവരുടെ ഓഫീസിനു ലഭിച്ചിട്ടുള്ള യൂസർകോഡും, പാസ്‌വേഡും ഉപയോഗിച്ച് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ചതിനുശേഷം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതിന്റെ പകർപ്പ് ആവശ്യമായ സാക്ഷ്യപത്രങ്ങളോടൊപ്പം സ്ഥാപന മേധാവിയെ ഏൽപ്പിക്കേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ സ്ഥാപന മേധാവി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി, അതിലെ വിവരങ്ങൾ പൂർണ്ണമായി ശരിയാണെന്ന് ഉറപ്പുവരുത്തി **21.03.2014 - 25.03.2014** എന്ന സമയ പരിധിക്കുള്ളിൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഓൺലൈനായി അയക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും ഓഫീസിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം ഓൺലൈനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ

സൂക്ഷ്മപരിശോധനകൾക്കുശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് 26.03.2014 - 31.03.2014 എന്ന സമയ പരിധിക്കുള്ളിൽ ഓൺ ലൈനായി അയക്കേണ്ടതാണ്. ഇങ്ങനെ അയയ്ക്കുന്ന അപേക്ഷകളിലെ വാസ്തവ വിരുദ്ധമായ വിവരങ്ങൾക്ക് അതാത് സ്ഥാപനമേധാവികളും ജില്ലാ മെഡിക്കൽ ഓഫീസർമാരും ഉത്തരവാദികൾ ആയിരിക്കും.

3. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ വീണ്ടും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകി കരട് ലിസ്റ്റ് **26.04.2014**-ാംതീയതി ഔദ്യോഗിക വെബ്സൈറ്റിൽ (www.dhs.kerala.gov.in)പ്രസിദ്ധീകരിക്കുന്നതാണ്.ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും 27.04.2014 മുതൽ 02.05.2014 വരെ ജീവനക്കാർക്ക് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് അന്തിമ ലിസ്റ്റ് **15.05.2014-ാം** തീയതി ഔദ്യോഗിക വെബ്സൈറ്റിൽ (www.dhs.kerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്.

4. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സ്ഥലംമാറ്റം ആവശ്യമുള്ള ജീവനക്കാർ വെബ് അഡ്മിനിസ്ട്രേറ്ററിൽ നിന്നും യൂസർകോഡും, പാസ്‌വേഡും ലഭ്യമാക്കി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. 2014 മാർച്ച് 31-ന് മൂന്ന് വർഷം പൂർത്തിയാക്കുന്ന ജീവനക്കാരന്റെ അപേക്ഷ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ പാടുള്ളൂ.

6. അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രം ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

7. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും അതു സൂക്ഷ്മ പരിശോധന നടത്തി അതാതു ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്കും ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്കും അയക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ www.dhsonlinetransfer.in എന്ന വെബ്സൈറ്റിലെ Home പേജിൽ Instruction എന്ന link- ൽ click ചെയ്താൽ ലഭിക്കുന്നതാണ്.

8. ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം സ്ഥലംമാറ്റങ്ങൾ നടത്തുന്ന തസ്തികകളിൽ 2014 മാർച്ച് 31-ന് 3 വർഷമോ അതിൽ കൂടുതലോ സർവ്വീസ് പൂർത്തിയാക്കുന്ന ജീവനക്കാരുടെ സേവന വിവരങ്ങൾ ടി വെബ്സൈറ്റിലെ incumbency പേജിൽ **01.03.2014 മുതൽ 20.03.2014** എന്ന സമയ പരിധിക്കുള്ളിൽ update ചെയ്തിരിക്കേണ്ടതാണ്. അതുപൊലെ ടി തസ്തികകളിലെ

ഒഴിവുകൾ ടി വെബ്സൈറ്റിലെ Vacancy page -ൽ മേൽ സൂചിപ്പിച്ച സമയ പരിധിക്കുള്ളിൽ update ചെയ്യേണ്ടതാണ്.

9. ജില്ലാ മെഡിക്കൽ ആഫീസർമാരും മറ്റ് സ്ഥാപനമേധാവികളും വെബ്സൈറ്റിൽ login ചെയ്യുന്നതിലേക്ക് വേണ്ടി അതാതു സ്ഥാപനങ്ങളിലെ ഔദ്യോഗിക Email വിലാസത്തിൽ നിന്നും servesparkdhs@gmail.com എന്ന വിലാസത്തിലേയ്ക്ക് അപേക്ഷകൾ അയക്കേണ്ടതാണ്. വ്യക്തിഗത Email ഈ ആവശ്യത്തിനായി പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് **7736719619** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

10. സ്ഥലംമാറ്റ പ്രക്രിയകൾ ഓൺലൈൻ ആക്കുന്നതിലേയ്ക്കായി web application create ചെയ്യുന്നതിനും maintain ചെയ്യുന്നതിനും ഈ ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്ക് **ശ്രീ.ആർ.എസ്.പ്രദീപിനെ** web Administrator - ആയി ഇതോടൊപ്പം നിയമിക്കുന്നു.

**ഡോ.പി.കെ.ജമീല,**
**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/ കോഴിക്കോട്/വയനാട്/ കണ്ണൂർ കാസർഗോഡ്.
2. സൂപ്രണ്ട്, ഇ.എ/ഇ.ഡി./ഇ.ഇ/ഇ.എഫ്/ഇ.ജി/ എഫ്.ഡബ്ല്യൂ.എ./എച്ച്.റ്റി/ യു.ഐ.പി
3. ശ്രീ.ആർ.എസ്.പ്രദീപ്, സീനിയർ ക്ലാർക്ക്.

പകർപ്പ്:

1. പി.എ. റ്റു ഡി.എച്ച്.എസ്/സി.എ. റ്റു അഡീഷണൽ ഡയറക്ടർ, മെഡിക്കൽ/എഫ്.ഡബ്ല്യൂ/പി.എച്ച്/
2. സി.എ റ്റു സീനിയർ എ.ഒ/ സി.എ റ്റു എസ്.എച്ച്.ടി.ഒ,
3. സൂപ്രണ്ട്, ഒഇഎം സെക്ഷൻ/വെബ്സൈറ്റ്/ഫയൽ.